**പതിനാലാം കേരളനിയമസഭ**

**പത്താം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 103** | **26.02.2018-ൽ മറുപടിക്ക്** |
|---|---|

## പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്

| ചോദ്യം<br>ശ്രീ. പി. ഉബൈദുള്ള | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | വിദേശ രാജ്യങ്ങളിൽ ജോലിക്ക് പോകുന്നവർക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | വിദേശ രാജ്യങ്ങളിൽ ജോലിക്ക് പോകുന്നവർക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ താഴെപ്പറയുന്ന രീതിയിൽ ലഘൂകരിച്ചിട്ടുള്ളതാണ്.<br>നിശ്ചിത അപേക്ഷാ ഫോറത്തിൽ അപേക്ഷ തയ്യാറാക്കി 500 രൂപ അപേക്ഷ ഫീസും അപേക്ഷകന്റെ/അപേക്ഷകയുടെ തിരിച്ചറിയൽ രേഖയുടെ പകർപ്പും രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും, പി.സി.സി.-യുടെ ആവശ്യകത വെളിവാക്കുന്ന രേഖയുടെ പകർപ്പും, പാസ്പോർട്ടിന്റെ പകർപ്പും സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. കാലതാമസം കൂടാതെ അപേക്ഷകർക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി യു.എ.ഇ. രാഷ്ട്രങ്ങളിലേക്ക് പോകുന്നവർക്ക് പോലീസ് സ്റ്റേഷനിൽ നിന്നും നേരിട്ട് പി.സി.സി. ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ മറ്റ് സ്ഥലങ്ങളിലേക്കുള്ള പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നടപടികൾ വേഗത്തിലാക്കുന്നതിനായി ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഓഫീസിൽ Express Counter സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതാണ്. |
| (ബി) | പി.സി.സി-യ്ക്ക് അമിത ഫീസ് ഈടാക്കുന്നത് മൂലം അപേക്ഷകർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പി.സി.സി.-ക്ക് ഈടാക്കിയിരുന്ന ഫീസ് 1000 രൂപയിൽ നിന്നും 500 രൂപയാക്കി കുറച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | അപേക്ഷകർ പോലീസ് സ്റ്റേഷനിൽ കയറിയിറങ്ങി സമയം കളയുന്നതിന് പകരം പി.സി.സി. ലഭിക്കുവാൻ ഏകജാലക സംവിധാനം ഏർപ്പെടുത്തുന്നതിനും അപേക്ഷിച്ചവർക്ക് സമയബന്ധിതമായി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | അപേക്ഷകർക്ക് സമയബന്ധിതമായി പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് (പി.സി.സി.) നൽകുവാൻ എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട് (കാലാവധി 14 ദിവസം എന്നത് 7 ദിവസമായി കുറച്ചിട്ടുണ്ട്). ഏകജാലക സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ